# വില്പന കുറഞ്ഞു; ചിറ്റൂരിലെ തോപ്പുകളിൽ കള്ള് നശിപ്പിക്കുന്നു

എം. സുരേന്ദ്രൻ

ചിറ്റൂർ: സംസ്ഥാനത്തെ ഇതര ജില്ലകളിലേക്ക് ചിറ്റൂരിൽനിന്ന് കൊണ്ടുപോകുന്ന കള്ളിൻെറ അളവിൽ ഗണ്യമായ കുറവുവന്നതോടെ തോപ്പുകളിൽ ചെത്തിയ കള്ള് ചെരിച്ചുകളയുന്നു. ചെത്തുന്ന കള്ള് വില്പന നടത്താനാവാതെ ഉപേക്ഷിക്കേണ്ടിവരുന്നത് വ്യവസായത്തെ പ്രതിസന്ധിയിലാക്കിയതായി കരാറുകാർ പറയുന്നു. 25 ശതമാനത്തോളം കള്ള് ഇങ്ങനെ നശിപ്പിക്കേണ്ടിവരുന്നതായി പറയപ്പെടുന്നു.

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽനിന്നാണ് കേരളത്തിൻെറ വിവിധ ജില്ലകളിലേക്കുള്ള കള്ള് കൊണ്ടുപോവുന്നത്. ഈമേഖലയിൽ 2,19, 302 തെങ്ങുകൾ ചെത്തുന്നെന്നാണ് എക്സൈസ് വകുപ്പിൻെറ കണക്ക്. 32,800 ലിറ്റർ കള്ളാണ് തിരുവനന്തപുരമൊഴികെ തെക്കൻ ജില്ലകളിലേക്കും കാസർകോടുവരെയുള്ള വടക്കൻജില്ലകളിലേക്കും ഇവിടെനിന്ന് കൊണ്ടുപോകുന്നുത്. കള്ളിനുവേണ്ടി 150 വാഹനങ്ങൾ വന്നിരുന്ന സ്ഥാനത്ത് ഇപ്പോൾ 120 വണ്ടികളാണ് എത്തുന്നത്.

ജൂൺ, ജൂലായ് മാസങ്ങളിൽ മഴ കനക്കുന്നതോടെ കള്ള് കച്ചവടം പതിവായി കുറയാറുണ്ട്. എന്നാൽ, ഇത്തവണ പതിവിലുമധികം കുറവ് അനുഭവപ്പെടുന്നതായി കരാറുകാർ പറയുന്നു. സംസ്ഥാനത്ത് ആകെയുണ്ടായിരുന്ന 5, 219 ഷാപ്പുകളിൽ 3,500നടുത്ത് ഷാപ്പുകൾ മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലാണ് ഷാപ്പുകൾ കൂട്ടത്തോടെ അടഞ്ഞുകിടക്കുന്നത്. അതേസമയം, 810 ഷാപ്പുകളുണ്ടായിരുന്ന പാലക്കാട് ജില്ലയിൽ എണ്ണൂറിനടുത്ത് ഷാപ്പുകൾ ഇപ്പോഴും പ്രവർത്തിക്കുന്നുമുണ്ട്. ജില്ലയിൽ 200 ലിറ്റർവരെ കള്ള് വിറ്റിരുന്ന ഷാപ്പുകളിൽ ഇപ്പോൾ പകുതിപോലും വില്പനയില്ലെന്ന് കരാറുകാർ പറയുന്നു.

ചെലവുകുറയുന്ന ഷാപ്പുകൾ കരാർ നിലനിൽക്കുന്നതിനാൽ പൂട്ടാനാവില്ല. അതേപോലെ, തെങ്ങ് ചെത്താതിരിക്കാനും ചെത്തിയ തെങ്ങിൽനിന്ന് കള്ള് എടുക്കാതിരിക്കാനും നിവൃത്തിയില്ല. തെങ്ങ് കേടാവുകയായിരിക്കും ഇതുമൂലം സംഭവിക്കുക. തോപ്പ് ഉടമകൾ ഒരുതെങ്ങിന് 350 രൂപയാണ് പാട്ടമായി വാങ്ങുന്നത്. ഇതിനുപുറമേ വൃക്ഷക്കരം ഒരുതെങ്ങിന് 30 രൂപ അടയ്ക്കണം. മറ്റ് ജില്ലകളിലേക്ക് കടത്തുന്ന തെങ്ങിന് ലിറ്ററിന് ഒരുരൂപ നിരക്കിൽ സർക്കാരിന് നൽകുകയും വേണം.

തെങ്ങിൽനിന്ന് എടുക്കുന്ന കള്ള് 24 മണിക്കൂറിനപ്പുറം സൂക്ഷിച്ചുവെക്കാനാവില്ല. നിശ്ചിതയളവിൽ കൂടുതൽ കള്ള് സൂക്ഷിച്ചാൽ അബ്കാരി നിയമപ്രകാരം ശിക്ഷയും ലഭിക്കും. ഈ പരിതസ്ഥിതിയിൽ ചെത്തുന്ന കള്ള് ചെരിച്ചുകളയുകയല്ലാതെ മറ്റുമാർഗമില്ലെന്നാണ് തൊഴിലാളികളും പറയുന്നത്. അതേസമയം, ഷാപ്പ് പരിസരങ്ങളിൽ വീര്യംകൂടിയ സെക്കൻഡ്സ് മദ്യം സുലഭമാവുന്നത് കള്ളുകച്ചവടത്തെ ബാധിക്കുന്നതായും പരാതിയുയരുന്നുണ്ട്.